പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5074 — 30.06.2014-ൽ മറുപടിക്ക്.

# സി.സി.ടി.എൻ.എസ്. സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കുറ്റവാളികളുടെയും കുറ്റകൃത്യങ്ങളുടെയും വിവരങ്ങൾ ലഭ്യമാക്കാനുള്ള ഏകീകൃത സംവിധാനം എന്ന നിലയിൽ കേരള പോലീസ് വികസിപ്പിച്ചെടുത്ത സി.സി.ടി.എൻ.എസ്. സംവിധാനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;<br>(ബി) ഏതെല്ലാം ജില്ലകളിലാണിത് നടപ്പാക്കിയിട്ടുള്ളത്; | : (എയും, ബിയും) സംസ്ഥാനത്ത് ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം (CCTNS) നടപ്പിലാക്കിയിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം സിറ്റി, എറണാകുളം സിറ്റി, എറണാകുളം റൂറൽ മലപ്പുറം, വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ 7 ജില്ലകളിലെ 172 പോലീസ് സ്റ്റേഷനുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് ജില്ലകളിൽ ഉടൻ തന്നെ പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (സി) പ്രസ്തുത സംവിധാനം വഴി ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ; | (സി) രാജ്യത്തെ 14000 ൽ പരം പോലീസ് സ്റ്റേഷനുകളെയും, 6000 ൽ പരം മറ്റ് ഇതര പോലീസ് ഓഫീസുകളെയും സംസ്ഥാന തലത്തിലുള്ള ഡാറ്റാസെന്റർ, ദേശീയ ഡാറ്റാ സെന്റർ എന്നിവ വഴി ബന്ധിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതിയാണ് CCTNS. കേരളത്തിന്റെ ഡാറ്റാസെന്റർ തിരുവനന്തപുരം ടെക്നോപാർക്കിൽ സ്ഥാപിച്ചിട്ടുണ്ട്. പോലീസിന്റെ സേവനങ്ങൾ കൃത്യതയിലും വേഗത്തിലും ജനങ്ങൾക്ക് പ്രാപ്തമാകും. ഓൺ ലൈൻ വഴി പരാതി സമർപ്പിക്കുന്നതിനും എഫ്.ഐ.ആർ വിവരങ്ങൾ, കേസുകളുടെ തൽസ്ഥിതി, വിചാരണ എന്നിവ അറിയുന്നതിന് സാധിക്കും. കാണാതായ വ്യക്തികൾ, മോഷണം പോയ വസ്തുക്കൾ, വാഹനങ്ങൾ, ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെടുന്ന വസ്തുക്കൾ, മൃതദേഹങ്ങൾ എന്നിവയുടെ വിവരങ്ങൾ ഓൺലൈനിൽ ലഭിക്കും. പൊതുജനങ്ങൾക്ക് പോലീസിന് രഹസ്യ വിവരങ്ങൾ നൽകുന്നതിനുള്ള സൗകര്യമുണ്ടായിരിക്കും. പോലീസ് സ്റ്റേഷനുകളിൽ നിന്നും ലഭിക്കേണ്ടതായ അനുമതികൾക്ക് ഓൺലൈൻ സൗകര്യം (സമ്മേളനങ്ങൾ, കലാപ്രകടനങ്ങൾ, സമരങ്ങൾ, ജാഥകൾ, പ്രചാരണ പരിപാടികൾ തുടങ്ങിയവ) ലഭിയ്ക്കും. എസ്.എം.എസ് ഇ-മെയിൽ എന്നിവയിലൂടെ പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുവാൻ കഴിയും. |
| (ഡി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ; | (ഡി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ